റോഡ്.

250. [17] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യത്തിന് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പത്തനംതിട്ട താലൂക്കിൽ കടമ്മനിട്ടനിന്നും വയലത്തലവഴി പൊരുമണ്ണിലേയ്ക്കുള്ള റോഡ് ഗവണ്മെൻറ് ഏറ്റെടുക്കുമോ?

ഉത്തരം.

ഈ കാര്യത്തെപ്പറ്റി ആലോചിക്കാം.

തെങ്ങുകൃഷിക്കുള്ള രോഗം.

251. [18] ശ്രീ. പി. ജെ. സബാസ്റ്റ്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കറിച്ചി, മാടപ്പള്ളി, വാഴപ്പള്ളി കിഴക്ക്, പനച്ചിക്കാട് എന്നീ പ്രദേശങ്ങളിലുള്ള എത്ര തെങ്ങുകൃഷിക്ക് കാറവീഴ്ച എന്ന രോഗം പിടിപെട്ടിട്ടുണ്ട് ;

(ബി) ടി രോഗനിവാരണത്തിനുവേണ്ടി എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം.

(എ) സമിതിവിവരക്കണക്കുകൾ എടുത്തിട്ടില്ല. പൊതുവെ പല തോട്ടങ്ങളിലും ഈ സുഖക്കേട് കണ്ടുവരുന്നുണ്ട്.

(ബി) "ബോഡോമിശ്രം" എന്ന മരുന്ന് ചാമുന്ന എർപ്പാട ഗവണ്മെൻറിൽനിന്നുതന്നെ കുറഞ്ഞനിരക്കിനു നടത്തിവരുന്നുണ്ട്.

Place for colonisation purposes.

252. [20] **Shri N. Parameswaran Pillai :** Will the Minister for Works be pleased to state :

(a) has the completed portion of the chira on either side of the Alleppey-Changanacherry Road-cum-canal been entrusted with the Land Revenue Department by the Public Works Department if not why ; and

(b) will the Government take immediate steps to give such chira for colonisation purposes through co-operatives?

Answer.

(a) &(b) The manner in which the land in question is to be disposed of has not yet been decided by Government.

പാലം

253. [21] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇട്ടിനായർകടവിൽ പാലം പണിയുന്നതിന് 1953-ലെ ബഡ്ജറ്റിൽ 10000 രൂപാ കൊള്ളിച്ചിരുന്നോ ;

LIBRARY ARCHIVES Kerala Legislative Assembly